# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8039 16/07/2014-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ

| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>• പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി തൊഴിലവസരങ്ങൾ, ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി **സഹായി** എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിച്ചു.<br>• സംസ്ഥാനത്തെ 935 അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം ലക്ഷ്യമാക്കി 689.08 ലക്ഷം രൂപയുടെ പദ്ധതികൾ, ഭവന നിർമ്മാണം, തയ്യൽ മെഷീൻ, തയ്യൽ പരിശീലനം. ആട്ടുവളർത്തൽ, പെട്ടിക്കട, പശു വളർത്തൽ, കോഴി വളർത്തൽ എന്നീ ജീവനോപാധി പ്രവർത്തനങ്ങൾ ഉൾപ്പെടെ ആവിഷ്കരിച്ച് നടപ്പിലാക്കി.<br>• പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും, പ്രസ്തുത മേഖലകളിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുവാനും, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം, ആർട്ടിക്കിൾ 275 (1) അനുസരിച്ചിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡ്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് മുതലായ ശീർഷകങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• കോഴി വളർത്തൽ കേന്ദ്രം, ആട്ട് വളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>• പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്), നെട്ടൂർ ടെക്ക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കോവളത്തെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കഴക്കൂട്ടം കിൻഫ്രാ പാർക്കിലെ അപ്പാരൽ പാർക്ക് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ഭക്ഷ്യ സാങ്കേതിക വിദ്യയിലും, ടൂറിസം സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലും കാറ്ററിംഗ് ടെക്നോളജിയിലുമുള്ള പരിശീലനം, തുന്നൽ, ഗാർമെന്റ് മേക്കിംഗ് പരിശീലനം തുടങ്ങയവ ഉൾപ്പെടുന്നു.<br>• യുവാക്കൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ നൽകൽ പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. |
| ബി | 2014-15 സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പുതിയ തൊഴിൽ പദ്ധതികളാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി | 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>• അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ.<br>• സംരംഭകത്വ വികസനം/വ്യക്തിത്വ വികസനം തുടങ്ങിയ പ്രത്യേക കോച്ചിംഗും നൽകുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>• പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനമാഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുക.<br>• ഐ.ടി.ഐ, ഐ.ടി.സി പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക. |

| | | | |
|---|---|---|---|
| | | | • പ്ലസ് ടു, ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസ്സുകളും നൽകുക.<br>• പെട്ടിക്കടകൾ തുടങ്ങൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയ സ്വയം സഹായ സംരഭങ്ങൾ ആരംഭിക്കുന്നതിന് സഹായം.<br>• പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും, ഐ.ടി.യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും പട്ടിക വർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.<br>• സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേന ഇലക്ട്രിഷ്യൻ, പ്ലമ്പിംഗ്, ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ എൻട്രി, ഡി.ടി.പി, എം.എസ്. ഓഫീസ്, ടാലി, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക.<br>• പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി/ആർ.ആർ.ബി ബാങ്ക് പരീക്ഷകളിലേയ്ക്കുള്ള പരിശീലനം.<br>• ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ പരിശീലനം നൽകുക.<br>• പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുക. |

**സെക്ഷൻ ഓഫീസർ**